(ഇ) വില്ലേജ് സഹകരണബാങ്ക് വഴി ഇപ്പോൾ സഹകരണ വ്യവസായ സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയുന്ന പരമാവധി വായ്പ എത്ര എന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ വ്യവസായ വായ്പ നൽകുവാൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ ;

(ജി) മീനടം പ്രിയദർശിനി സ്പിന്നിംഗ് മില്ലിന് ടേം ലോൺ എത്രയും വേഗം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) കോട്ടയം ജില്ലയിലെ മീനടം സ്പിന്നിംഗ് മില്ലിന് സംസ്ഥാന സഹകരണ ബാങ്ക് ദീർഘകാല വായ്പ നൽകുവാൻ തീരുമാനിച്ചിരുന്നില്ല.

(ഡി) ഇല്ല.

(ഇ) വ്യവസായ സഹകരണ സ്ഥാപനങ്ങളെ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേർക്കാൻ കഴിയില്ല. സാധാരണയായി ജില്ലാ സഹകരണ ബാങ്കുകൾ മുഖേനയാണ് ഇത്തരം സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നത്.

(എഫ്) ഉണ്ട്.

(ജി) ടേം ലോൺ ലഭ്യമാക്കുന്നതിന് ഈ സ്പിന്നിംഗ് മില്ലിന് ജില്ലാ സഹകരണ ബാങ്കിനെ സമീപിക്കാവുന്നതാണ്.

റബ്ബ്കോയുടെ വായ്പ

106(322) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലാ ബാങ്കിൽ നിന്നും റബ്കോ എടുത്തിട്ടുള്ള വായ്പ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) കോട്ടയം ജില്ലാ ബാങ്ക് റബ്കോയിൽ നിക്ഷേപിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) മറ്റ് ഏതെങ്കിലും ജില്ലാ ബാങ്ക് ഇതുപോലെ നിക്ഷേപം റബ്കോയിൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ബാങ്കുകൾ എത്ര രൂപ വീതമാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ജില്ലാ ബാങ്കുകൾക്ക് ഇതുപോലെയുള്ള സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപം നടത്തുവാൻ നിലവിലുള്ള ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ നിക്ഷേപത്തിന് പ്രത്യേകാനുമതി ഗവൺമെന്റിൽ നിന്നും വാങ്ങിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ലെങ്കിൽ ജില്ലാ ബാങ്കിന്റെ നടപടി ചട്ടങ്ങൾക്കും നടപടി ക്രമങ്ങൾക്കും വിരുദ്ധമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലാ ബാങ്കിൽ നിന്നും റബ്കോ വായ്പ എടുത്തിട്ടില്ല.

(ബി) കോട്ടയം ജില്ലാ ബാങ്കിന് റബ്കോയിൽ 17 കോടി രൂപ സ്ഥിര നിക്ഷേപമായുണ്ട്.

(സി) കോട്ടയം ജില്ലാ സഹകരണ ബാങ്കിനു പുറമേ എറണാകുളം ജില്ലാ ബാങ്ക് അഞ്ച് കോടി രൂപയും പാലക്കാട് ജില്ലാ ബാങ്ക് പതിനഞ്ചു കോടി രൂപയും റബ്കോയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) 1969-ലെ കേരള സഹകരണ നിയമം 57 വകുപ്പനുസരിച്ച് സഹകരണസംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി നിക്ഷേപം നടത്താം.

(ഇ-ജി) ബാധകമല്ല.

നീതി മെഡിക്കൽ സ്റ്റോറുകൾ

107(323) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യമായ എല്ലാ മരുന്നുകളും നീതിമെഡിക്കൽ സ്റ്റോറുകൾ മുഖേന വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മരുന്നു കമ്പനികൾ നീതിമെഡിക്കൽ സ്റ്റോറുകൾക്ക് മരുന്നുകൾ നൽകുന്നതിന് വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നീതി മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ വ്യാപകവും ഫലപ്രദവുമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ നൂറ് "നീതി സ്റ്റോറുകൾ" പ്രവർത്തിക്കുന്നുണ്ട്.

(ബി) ചില മരുന്നുകൾ വിതരണം ചെയ്യാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly